# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ:213

07.12.2018-ലെ മറുപടി

## ജല അതോറിറ്റിയുടെ വിതരണ ശൃംഖലകൾ കൈമാറുന്ന നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.എ. എൻ. ഷംസീർ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കെ.ജെ. മാക്സി | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | ജല അതോറിറ്റിയുടെ വിതരണ ശൃംഖലകൾ ജലനിധിയുടെ മാനേജിംഗ് ഏജൻസിയായ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസിക്ക് കൈമാറ്റം ചെയ്യാറുണ്ടോ; വിശദാംശം നൽകുമോ; | (എ) | കേരള വാട്ടർ അതോറിറ്റിയും ജലനിധിയും പഞ്ചായത്തും തമ്മിലുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ കിലോലിറ്ററിന് 6 രൂപ നിരക്കിൽ വാട്ടർ ചാർജ് നിശ്ചയിച്ച് കൊണ്ട് ബൾക്ക് മീറ്റർ സ്ഥാപിച്ച് വിതരണ ശൃംഖല ജലനിധിയുടെ കീഴിൽ വരുന്ന പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യുന്നുണ്ട്.<br>വയനാട് ജില്ലയിലെ പൂതാടി പഞ്ചായത്തിനുള്ള കുടിവെള്ള പദ്ധതി പുൽപ്പള്ളി-മുള്ളൻകൊല്ലി പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി, മലപ്പുറം ജില്ലയിലെ ജല അതോറിറ്റിയുടെ തിരുനാവായ ത്വരിത കുടി വെള്ള പദ്ധതി കണ്ണൂർ ജില്ലയിലെ ഇരിക്കൂർ പഞ്ചായത്തിലെ കുടിവെള്ള പദ്ധതി, പാലക്കാട് ജില്ലയിലെ ലക്കിടി-പേരൂർ കുടിവെള്ള പദ്ധതി, തൃശ്ശൂർ ജില്ലയിലെ മാളയും അനുബന്ധ പഞ്ചായത്തുകളുമടങ്ങുന്ന കുടിവെള്ള പദ്ധതി, മൂവാറ്റുപുഴ സർക്കിളിനു കീഴിലുള്ള RWSS to പാലക്കുഴ, കഞ്ഞിക്കുഴി-ചുരുളിപ്പതാൻ, കഞ്ഞിക്കുഴി മൂന്ന് ഏക്കർ ഹരിജൻ കോളനി, ചേലച്ചുവട്, കീരിത്തോട്, അഞ്ചുകുടി, തിങ്കൾക്കാട്, ദൈവം മേട് നമ്പർ I ,തോപ്രാംകുടി പെരുംതൊഴി, ചിന്നാർ, ഉടുമ്പന്നൂർ, ചെപ്പുകളം, മുള്ളരിങ്ങാട്, തുരുത്തിക്കലോടി, കറുകപ്പിള്ളി തുടങ്ങിയ പദ്ധതികൾ, പത്തനംതിട്ട സർക്കിളിനു കീഴിലുള്ള മാടപ്പള്ളി റൂറൽ വാട്ടർ സപ്ലൈ പദ്ധതി മാനില റൂറൽ വാട്ടർ സപ്ലൈ പദ്ധതി |

| | | | |
|---|---|---|---|
| | | | എന്നീ കുടിവെള്ള പദ്ധതികളുടെ വിതരണ ശൃംഖലകൾ ജലനിധി പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. |
| (ബി) | വിതരണ ശൃംഖലകൾ കൈമാറുന്നത് മൂലം ഉപഭോക്താക്കൾ കുടിവെള്ളത്തിന് അധിക ചാർജ്ജ് നൽകേണ്ടി വരുന്നത് കണക്കിലെടുത്ത് ഇവ ജല അതോറിറ്റിയിൽ തന്നെ നിലനിർത്താൻ തയ്യാറാകുമോ; | (ബി) | കെ.ഡബ്ല്യു.എ.യിൽ നിന്നും ശുദ്ധീകരിച്ച കുടിവെള്ളം മൊത്തമായി വാങ്ങിച്ച് പഞ്ചായത്തുകളിലെ ജനങ്ങൾക്ക് വിതരണം ചെയ്യുന്ന രീതിയിൽ ജലനിധി പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളിൽ നിലവിലുള്ള കെ.ഡബ്ല്യു.എ. ഉപഭോക്താക്കൾ ജലനിധി പദ്ധതിയുടെ ഭാഗമാകുമ്പോൾ ജലനിധി ഗുണഭോക്താക്കളുടെ കുടിവെള്ള ചാർജ്ജ് നല്കേണ്ടി വരും. പഞ്ചായത്തുകളുടേയും കെ.ഡബ്ല്യു.എ.യുടേയും സമ്മതത്തോടു കൂടിയാണ് നിലവിലുള്ള കെ.ഡബ്ല്യു.എ. ഉപഭോക്താക്കളെ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ജലനിധി പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട കേരള വാട്ടർ അതോറിറ്റിയുടെ വിതരണ ശൃംഖലകൾ ജല അതോറിറ്റിയിൽ നിലനിർത്തുന്ന കാര്യം പരിഗണനയിൽ ഇല്ല. |
| (സി) | കേരള ജല അതോറിറ്റി കിലോലിറ്ററിന് 6 രൂപാ നിരക്കിൽ ജലനിധിക്ക് നൽകുന്ന കുടിവെള്ളത്തിന് ജലനിധി ഗുണഭോക്താക്കൾ നൽകേണ്ടിവരുന്ന ചാർജ്ജ് എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | കേരള ജല അതോറിറ്റി കിലോ ലിറ്ററിന് 6 രൂപയ്ക്കു നല്കുന്ന ജലത്തിന് ജലനിധി ഗുണഭോക്താക്കൾ വിതരണ ശൃംഖലയുടെ തുടർ പരിപാലനം, വെള്ളക്കരം പിരിക്കൽ, മറ്റു ഭരണ ചെലവുകൾ എന്നിവ ഉൾപ്പെടുത്തി ഒരു നിശ്ചിത മിനിമം നീക്കിയിരിപ്പ് വരുന്ന തരത്തിലുള്ള തുകയാണ് വെള്ളക്കരമായി പിരിക്കുന്നത്. തുക തീരുമാനിക്കുന്നത് ഗുണഭോക്തൃ സമിതിയാണ്. |
| (ഡി) | കെ.ആർ.ഡബ്ല്യു.എസ്.എ. വഴി നടത്തുന്ന സാനിറ്റേഷൻ പദ്ധതികൾ ഏതെല്ലാമാണ്; അതിനായി പ്രതിവർഷം ചെലവഴിക്കുന്ന തുകയെത്രയെന്ന് അറിയിക്കാമോ? | | ജലനിധി പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ ODF പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിച്ച ഗാർഹിക ശൗചാലയങ്ങൾക്കുപുറമെ, സാമൂഹികാടിസ്ഥാനത്തിലുള്ള ശൗചാലയങ്ങളും, ബയോഗ്യാസ് യൂണിറ്റുകൾ, ഖരദ്രാവക മാലിന്യ നിർമ്മാർജ്ജനയൂണിറ്റുകൾ തുടങ്ങിയവയാണ് കെ.ആർ.ഡബ്ല്യു.എസ്.എ. വഴി നടത്തുന്ന സാനിറ്റേഷൻ പദ്ധതികൾ.<br>ജലനിധി രണ്ടാംഘട്ടത്തിൽ സാനിറ്റേഷൻ പദ്ധതികൾക്കായി 23 കോടി രൂപയാണ് |

| | | | |
|---|---|---|---|
| | | | ഗാർഹിക ബയോഗ്യാസ്, വെർമി കമ്പോസ്റ്റ്, പൊതു സെപ്റ്റിക് ടാങ്ക്, പണം കൊടുത്തു പയോഗിക്കുന്ന കക്കൂസ്, പൊതു ബയോ ഗ്യാസ് യൂണിറ്റുകൾ, പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ്, ക്രമറ്റോറിയം, അഴുക്കുചാൽ നിർമ്മാണം, സ്കൂൾ ടോയ് ലറ്റ്, അങ്കണവാടി ടോയ് ലറ്റ് എന്നീ ഘടകങ്ങൾ ഉൾപ്പെടെ സാനിറ്റേഷൻ പദ്ധതികൾ ഗാർഹിക തലത്തിലും കമ്മ്യൂണിറ്റി തലത്തിലുമായി ജലനിധി രണ്ടാംഘട്ടത്തിൽ 21.33 കോടി രൂപയ്ക്ക് അംഗീകാരം നല്കുകയും 18.46 കോടി രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ODF പ്രോഗ്രാമിന്റെ ഭാഗമായി ജലനിധി പ്രോജക്ട് പ്രകാരം 56.21 കോടി രൂപ ചിലവഴിച്ച് 36,498 കക്കൂസുകളും പണി കഴിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ